**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 690** **13-10-2026-ൽ മറുപടിയ്ക്ക്**

**<u>കാർഷിക കടാശ്വാസ വായ്പകൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സി. കെ. ഹരീന്ദ്രൻ ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ നിന്നും എടുത്തിട്ടുള്ള കാർഷിക വായ്പകൾ കാർഷിക കടാശ്വാസ പദ്ധതിയുടെ പരിധിയിൽപ്പെടുത്തി കുടിശിക തീർപ്പാക്കിയിട്ടും കടാശ്വാസ വിഹിതം ലഭിക്കാത്തതിനാൽ വായ്പയ്ക്ക് ഈടായി നൽകിയ ആധാരം ഉൾപ്പെടെയുള്ള രേഖകൾ വായ്പക്കാരന് തിരികെ നൽകാത്ത സാഹചര്യം നിലവിലുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** വായ്പയ്ക്ക് ഈടായി നൽകിയ ആധാരം ഉൾപ്പെടെയുള്ള രേഖകൾ വായ്പാക്കാരന് തിരികെ നൽകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘങ്ങളിൽ/ ബാങ്കുകളിൽ നിന്നും വായ്പ എടുത്ത കർഷകർക്ക് കേരള കർഷക കടാശ്വാസ കമ്മീഷൻ അനുവദിക്കുന്ന കടാശ്വാസം അനുവദിച്ച കൊണ്ട് പുറപ്പെടുവിക്കുന്ന അവാർഡുകളിൽ കർഷകരുടെ വിഹിതം അടച്ചു കഴിഞ്ഞാൽ സർക്കാരിൽ നിന്നും ലഭിക്കാനുള്ള തുക സംഘത്തിന് ലഭിക്കുമെന്നതിനാൽ സംഘത്തിനുള്ള വിഹിതം സർക്കാരിൽ നിന്നും ലഭിക്കാനുള്ളതായി കണക്കിൽ രേഖപ്പെടുത്തി കർഷകരുടെ ഈട് പ്രമാണങ്ങൾ തിരികെ നൽകേണ്ടതാണെന്ന് നിർദ്ദേശം നൽകിക്കൊണ്ട് സഹകരണ സംഘം രജിസ്ട്രാർ സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

**(ബി)** കാർഷിക കടാശ്വാസത്തിന് അർഹമായ വായ്പകളിൽ കടാശ്വാസ വിഹിതം ലഭിക്കുന്നതുവരെയുള്ള കാലയളവിലെ പലിശയും കൂട്ടുപലിശയും ചില സഹകരണ സംഘങ്ങൾ വായ്പക്കാരിൽ നിന്ന് ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കാർഷിക കടാശ്വാസത്തിന് അർഹമായ വായ്പകളിൽ കടാശ്വാസ വിഹിതം ലഭിക്കുന്നതുവരെയുള്ള കാലയളവിലെ പലിശയും കൂട്ടുപലിശയും ചില സഹകരണ സംഘങ്ങൾ വായ്പക്കാരിൽ നിന്ന് ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

വിവിധ ജില്ലകളിൽ കേരള കർഷക കടാശ്വാസ കമ്മീഷൻ നടത്തുന്ന സിറ്റിംഗുകളിൽ ലഭ്യമാകുന്ന അപേക്ഷകളുടെ അടിസ്ഥാനത്തിൽ കടാശ്വാസ കമ്മീഷൻ അവാർഡ് പുറപ്പെടുവിച്ച് ഉത്തരവാകുന്നു. ടി അവാർഡുകളിൽ സഹകരണ സ്ഥാപനങ്ങളിൽ നിന്നും കർഷകർ എടുത്തിട്ടുള്ള വായ്പകൾക്ക് ലഭ്യമായ അവാർഡുകൾ പരിശോധന നടത്തുന്നതിനായി കൃഷി വകുപ്പ് സഹകരണ സംഘം രജിസ്ട്രാർക്ക് ലഭ്യമാക്കുന്നു. അവാർഡുകളുടെ അർഹത പരിശോധിച്ച് സഹകരണ സംഘം രജിസ്ട്രാർ കൃഷി വകുപ്പിന് റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് കൃഷി വകുപ്പിന്റെ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുകയിൽ നിന്നും കൃഷി വകുപ്പ് സഹകരണ സംഘം രജിസ്ട്രാർക്ക് അനുവദിക്കുന്ന തുക സഹകരണ

സംഘം രജിസ്ട്രാർ പിൻവലിച്ച് ബന്ധപ്പെട്ട സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് നൽകി വരുകയാണ് ചെയ്തുവരുന്നത്.

കേരള കർഷക കടാശ്വാസ കമ്മീഷൻ കർഷകർക്ക് നൽകിയിട്ടുള്ള അവാർഡുകളുമായി ബന്ധപ്പെട്ട് സർക്കാർ ഏറ്റെടുത്ത തുകയിന്മേൽ സഹകരണ സംഘങ്ങൾ/ബാങ്കുകൾ വീണ്ടും പലിശ ഈടാക്കാൻ പാടില്ലായെന്നത് സംബന്ധിച്ചും, കർഷക വിഹിതം അടച്ചവർക്ക് ഈടുവച്ച പ്രമാണങ്ങൾ തിരികെ നൽകുന്നത് സംബന്ധിച്ചും നിർദ്ദേശം നൽകിക്കൊണ്ട് സഹകരണ സംഘം രജിസ്ട്രാർ സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

**(സി)** ഇത്തരം സാഹചര്യങ്ങളിൽ വായ്പക്കാരിൽ നിന്ന് ഈടാക്കുന്ന പലിശ, കൂട്ടുപലിശ എന്നിവ സംബന്ധിച്ച് സഹകരണ സംഘങ്ങൾക്ക് പ്രത്യേക നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**(ഡി)** കാർഷിക കടാശ്വാസത്തിന് അർഹരായ ഗുണഭോക്താക്കൾക്ക് കടാശ്വാസ ആനുകൂല്യം സമയബന്ധിതമായി ലഭ്യമാക്കുന്നതിനും കടാശ്വാസം ലഭിക്കുന്നതുവരെ അധിക പലിശഭാരം ഉണ്ടാകാതിരിക്കുന്നതിനും വായ്പ തീർപ്പാക്കിയവർക്ക് ഈടായി നൽകിയ രേഖകൾ തിരികെ ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**